# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.309 21-06-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്

ഡോ. എം.കെ. മുനീർ

ശ്രീ. പി.കെ. അബ്ദു റബ്ബ്

" കെ.എം. ഷാജി

ഡോ.ടി.എം. തോമസ് ഐസക്ക്

ധനകാര്യവും കയറും വകുപ്പ് മന്ത്രി

**സാമ്പത്തിക പ്രതിസന്ധി**

| | | |
|---|---|---|
| (എ) | സംസ്ഥാനം നേരിടുന്ന രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി എപ്രകാരം നേരിടുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്; | നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ദൈനംദിന ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. മേൽ പ്രതിസന്ധിക്കിടയിലും വികസനക്ഷേമ പ്രവർത്തനങ്ങളിൽ വെട്ടിക്കുറവു വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. സാമ്പത്തിക അച്ചടക്കം കർശനമായിപാലിച്ചും അഴിമതിയും ധൂർത്തും ഒഴിവാക്കിയും നികുതിപിരിവ് ഊർജ്ജിതപ്പെടുത്തിയും നികുതിയേതരവരുമാനം വർദ്ധിപ്പിച്ചും ടി പ്രതിസന്ധിയെ തരണം ചെയ്യുകയെന്നതാണ് സർക്കാരിന്റെ നയം.<br>ജി.എസ്.ടി.യുടെ വരവോടുകൂടി സംസ്ഥാനങ്ങളുടെ നികുതി ഭരണത്തിലുള്ള അവകാശം പരിമിതപ്പെട്ടിട്ടുണ്ട്. ടി പരിമിതമായ സാഹചര്യത്തിലും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയും വരുമാനം വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊള്ളുന്നതാണ്.<br>1. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള ചരക്കുനീക്കം നിരീക്ഷിക്കുന്നതിന് മൊബൈൽ സ്ക്വാഡുകളെ സജ്ജ മാക്കും.<br>2. കേരള മൂല്യവർദ്ധിത നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനായി 2017-18 ബജറ്റിൽ പ്രഖ്യാപിച്ച ആംനസ്റ്റി സ്കീമിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ട്.<br>3. വിദേശ നിർമ്മിത വിദേശമദ്യത്തിന്റെ വ്യാപാരവും വിപണനവും ബീവറേജസ് കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ |

| | | |
|---|---|---|
| | | പുരോഗമിക്കുന്നു.<br>4. അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗി ക്കുന്ന വാഹനങ്ങൾക്ക് ആംനസ്റ്റി സ്കീം 2018-19 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.<br>5. ഭൂമിയുടെ ന്യായവിലയുമായി ബന്ധപ്പെട്ട അണ്ടർ വാല്യുഷൻ കേസുകൾ തീർപ്പാക്കുന്നതിനായി ജില്ലകളിൽ സെറ്റിൽമെന്റ് കമ്മീഷനുകൾ രൂപീകരിക്കുന്നതാണ്.<br>6. വിവിധ വസ്തു കൈമാറ്റങ്ങൾക്കുള്ള മുദ്രവില യുക്തിസഹമായി പുതുക്കി നിശ്ചയിക്കുവാൻ തീരുമാനിച്ചു.<br>7. ഭൂമിയുടെ ന്യായവിലയിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ ആലോചനയിലാണ്.<br>8. വിവിധ സേവനങ്ങൾക്കുള്ള ഫീസുകളും ചാർജ്ജുകളും 5% വർദ്ധിപ്പിച്ചു.<br>9. റവന്യു റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.<br>10. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തമാക്കി.<br><br>ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന് നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുതകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സാമ്പത്തിക പ്രതിസന്ധി മൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുവാൻ ഇടയായിട്ടുണ്ടോ; | 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് റെക്കോർഡ് നിലവാരത്തിലാണ്. സാമ്പത്തിക പരാധീനതയുടെ പേരിൽ വികസന പ്രവർത്തനങ്ങൾക്ക് മുടക്കം സംഭവിച്ചിട്ടില്ല. |
| (സി) | ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സർക്കാർ നിശ്ചയിച്ച പ്രകാരം 2017-18 അവസാനത്തിൽ എത്ര ശതമാനം പൂർത്തിയാക്കേണ്ടതായിരുന്നു; എത്ര ശതമാനമാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമാക്കുമോ? | ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് 100% പൂർത്തിയാക്കുവനായിരുന്നു 2017-18 ൽ ലക്ഷ്യമിട്ടിരുന്നത്. ലഭ്യമായ വകുപ്പ് തല കണക്കുകൾ പ്രകാരം 31.03.2018 ലെ ചെലവ് 85.44% ആണ്. 31.03.2018 ന് വൈകി ട്രഷറിയിൽ സമർപ്പിക്കപ്പെട്ട ബില്ലുകൾ പിന്നീട് മാറി നൽകിയിട്ടുണ്ട്. ആയതും കൂടി കണക്കിലെടുക്കുമ്പോൾ ഇത് 90.02% വരുമെന്നാണ് വകുപ്പ് തല കണക്കുകൾ കാണിക്കുന്നത്. |

അക്കൗണ്ട്സ് ഓഫീസർ